## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4796 — 04-07-2012 ലെ മറുപടിക്ക്.

### റിസൾട്ട് ഫ്രെയിം വർക്ക് ഡോക്യുമെന്റ്

| ചോദ്യം<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ഉത്തരം.<br>ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി. |
|---|---|
| (എ) സെക്രട്ടേറിയറ്റിൽ '' റിസൽട്ട് ഫ്രെയിം വർക്ക് ഡോക്യുമെന്റ്'' (ആർ.എഫ്.ഡി) സംവിധാനം ആരംഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ആയത്കൊണ്ട് എന്തെല്ലാം മെച്ചപ്പെട്ട പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) സാമ്പത്തിക പുരോഗതിയുടെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്ന നിലവിലെ രീതി മെച്ചപ്പെടുത്തുന്നതിലേക്കായി, പദ്ധതികളുടെ ഭൗതികവും നേടിയ ലക്ഷ്യങ്ങളും വിലയിരുത്തുന്നതിലേക്കായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയിട്ടുള്ള പെർഫോർമൻസ് മോണിറ്ററിംഗ് ആന്റ് ഇവാലുവേഷൻ സിസ്റ്റത്തിന്റെ ഭാഗമായാണ് സംസ്ഥാനത്ത് റിസൾട്ട് ഫ്രെയിം വർക്ക് ഡോക്യുമെന്റ് തയ്യാറാക്കിയിട്ടുള്ളത്. പദ്ധതിനടത്തിപ്പിന്റെ സമയത്ത് അതിന്റെ പുരോഗതി വിലയിരുത്തുവാനും നടത്തിപ്പിനു ശേഷം അതിന്റെ നേട്ടങ്ങൾ വിലയിരുത്തുവാനും ഒരുപോലെ പ്രയോജനപ്പെടുന്ന സംവിധാനമാണ് ആർ.എഫ്.ഡി. രൂപീകരിച്ച ആർ.എഫ്.ഡി. അതാത് മേഖലയിൽ |

പ്രാവീണ്യം തെളിയിച്ച സ്ഥാപിത താൽപര്യമില്ലാത്ത പ്രഗൽഭർ വിലയിരുത്തി അംഗീകരിക്കയാൽ ആർ.എഫ്.ഡി. പൊതുജനങ്ങൾക്ക് കൂടുതൽ സ്വീകര്യമാകുന്നു എന്ന വിശേഷം ആർ.എഫ്.ഡി ക്ക് ഉണ്ട്. ഇതിന്റെ ഭാഗമായി 36 ഭരണ വകുപ്പുകളുടെയും ലക്ഷ്യങ്ങളും പരിപാടികളും വിശദമാക്കുന്ന റിസൾട്ട് ഫ്രെയിം വർക്ക് ഡോക്യുമെന്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2011-12 ൽ മന്ത്രിമാരും സെക്രട്ടറിമാരും തമ്മിലുള്ള ആർ.എഫ്.ഡി. ആണ് നടപ്പിലാക്കിയിട്ടുള്ളത്.

| | | | |
|---|---|---|---|
| (സി) | ഇത് ജില്ലാ ഭരണകൂടങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? | (സി) | പരിഗണനയിലാണ്. |

Sheela. H

സെക്ഷൻ ഓഫീസർ.